**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2658** **02-08-2021 - ൽ മറുപടിയ്ക്ക്**

**പാട്ട തുകയിലെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ.കെ.രമ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഹാരിസൺ അടക്കമുള്ള കമ്പനികൾക്ക് പാട്ടത്തിന് നൽകിയിരുന്ന തോട്ടഭൂമിയുടെ പാട്ട തുക കൃത്യമായി സർക്കാരിലേക്ക് അടയ്ക്കുന്നുണ്ടോ; | (എ) | ഹാരിസൺസ് മലയാളം ലിമിറ്റഡുമായും അവരുടെ മുൻഗാമികളെന്ന് അവകാശപ്പെടുന്ന മലയാളം പ്ലാന്റേഷൻസ് (യു.കെ) എന്ന ബ്രിട്ടീഷ് കമ്പനിയുമായും തിരുവിതാംകൂർ, കൊച്ചി നാട്ടുരാജാക്കളോ സ്വാതന്ത്ര്യാനന്തരം കേരള സർക്കാരോ പാട്ട ഉടമ്പടികളിൽ ഏർപ്പെട്ടിട്ടില്ല. 1911ൽ കൊച്ചി ദിവാൻ ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലുള്ള മൂപ്ലിവാലി റബ്ബർ സിൻഡിക്കേറ്റിന് കൃഷിക്കായി നിബന്ധനകളോടെ പാട്ടത്തിനു നൽകിയിരുന്നതും നിലവിൽ തൃശ്ശൂർ ജില്ലയിൽ പ്പെട്ടതുമായ 6418.66 ഏക്കർ (മൂപ്ലിവാലി എസ്റ്റേറ്റ്) ഭൂമിയിലെ പാട്ടാവകാശം പലതവണ കൈമാറ്റം ചെയ്ത് ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കൈവശം എത്തുകയുണ്ടായി. മുകുന്ദപുരം താലൂക്കിൽ മൂപ്ലിവാലി എസ്റ്റേറ്റിൽപ്പെട്ട 6063.19 ഏക്കർ മാത്രമാണ് നിലവിൽ ടി കമ്പനി പാട്ടവസ്തുവായി അംഗീകരിക്കുന്നത്. 1911ലെ പാട്ടതുകയായ ഏക്കറിന് 2 രൂപ എന്ന നാമമാത്ര നിരക്കിലാണ് ഹാരിസൺസ് മലയാളം ലിമിറ്റഡ് വനം വകുപ്പിന് പാട്ടം നൽകിവരുന്നത്. ചാലക്കുടി വനം ഡിവിഷനിൽ കൊച്ചിൻ മലബാർ എസ്റ്റേറ്റിന്റെ കൈവശം പാട്ടത്തിലുള്ള വനഭൂമിക്ക് നിലവിൽ പാട്ടം അടയ്ക്കുന്നില്ല. വാഴച്ചാൽ വനം ഡിവിഷനിൽ ടാറ്റാ കോഫി ലിമിറ്റഡ്, കെ.എസ്.ഇ.ബി, പെരുമ്പറ എസ്റ്റേറ്റ് തുടങ്ങിയവയ്ക്ക് വനഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്. പാട്ടതുക കൃത്യമായി അടയ്ക്കുന്നുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ കോടികുളം വില്ലേജിൽ കുത്തകപാട്ടയിനത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 7.97 ഹെക്ടർ ഭൂമിക്കു 2008-09 വരെ പാട്ടം അടച്ചിട്ടുണ്ട്. ടി താലൂക്കിൽ കാരിക്കോട്, കരിങ്കുന്നം, മുട്ടം വില്ലേജുകളിലായി കുത്തകപാട്ടയിനത്തിൽ മലങ്കര |

| | | | |
|---|---|---|---|
| | | | എസ്റ്റേറ്റിന്റെ കൈവശമുള്ള 9.3396 ഹെക്ടർ ഭൂമിയുടെ പാട്ടം 2019-20 വരെ അടച്ചിട്ടുണ്ട്. |
| (ബി) | ഇല്ലെങ്കിൽ ആരൊക്കെ എന്നു മുതൽ കുടിശിക വരുത്തിയിട്ടുണ്ടെന്ന വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) | തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ വനം ഡിവിഷനിൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനു പാട്ടത്തിനു നൽകിയിരുന്നതും 29.02.2020ൽ സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതുമായ 475.5 ഹെക്ടർ വന ഭൂമിയുടെ 2018-2020 വർഷത്തെ പാട്ടക്കുടിശ്ശിക ലഭിക്കാനുണ്ട്. ചാലക്കുടി വനം ഡിവിഷനിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയും, കൊച്ചിൻ മലബാർ എസ്റ്റേറ്റും 2014-15 മുതലുള്ള പാട്ടതുക കുടിശ്ശിക വരുത്തിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കമ്പനിയുടെ കൈവശമുള്ള 7.97 ഹെക്ടർ ഭൂമിക്കു 2008 നു ശേഷമുള്ള പാട്ടം അടച്ചിട്ടില്ല. തൊടുപുഴ താലൂക്കിൽ മലങ്കര എസ്റ്റേറ്റിന്റെ കൈവശമുള്ള 9.3396 ഹെക്ടർ ഭൂമിയുടെ 2020-21 വർഷത്തെ പാട്ടം കുടിശ്ശികയാണ്. |

സെക്ഷൻ ഓഫീസർ